പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 317 — 17.10.2016 -ൽ മറുപടിക്ക്.

## അന്നപൂർണ്ണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീ.ഡി.കെ. മുരളി**<br>**ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് അന്നപൂർണ്ണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; | (എ) ഉണ്ട്. 01-04-2000 മുതൽ അന്നപൂർണ്ണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയെന്നും ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ; | (ബി) താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായാണ് അന്നപൂർണ്ണ പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.<br>1. അപേക്ഷകന്റെ പ്രായം അറുപത്തഞ്ചോ (65) അതിനു മുകളിലോ ആയിരിക്കണം.<br>2. സ്വന്തമായോ, കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം.<br>3. നാഷണൽ ഓൾഡ് എജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം. ഇങ്ങനെയുള്ളവർക്ക് അന്നപൂർണ്ണ പദ്ധതി പ്രകാരം, പ്രതിമാസം 10 കിലോഗ്രാം ഭക്ഷ്യധാന്യം (അരി/ഗോതമ്പ്) സൗജന്യമായി ലഭ്യമാകുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ലഭിച്ച കേന്ദ്ര വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ? | (സി) 2016-17 സാമ്പത്തിക വർഷത്തിൽ അന്നപൂർണ്ണ പദ്ധതിയ്ക്കായി 2.03 കോടി രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്. പദ്ധതിച്ചിലവിന്റെ 80% കേന്ദ്രവും 20% സംസ്ഥാനവുമാണ് വഹിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ അന്നപൂർണ്ണ പദ്ധതിയ്ക്ക് കേന്ദ്രത്തിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം ഇതുവരെയും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ